പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3545 30.01.2014 - ലെ മറുപടിക്ക്

എച്ച്.എസ്.എസ്.റ്റി. ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ശ്രീ. സി.എച്ച് സന്തോഷിന്റെ യോഗ്യതാ സർട്ടിഫിക്കറ്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. കെ. കെ. ലതിക | | ശ്രീ. ഉമ്മൻചാണ്ടി<br>ബഹു. മുഖ്യമന്ത്രി | |
| (എ) | സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയ്ക്ക് യോഗ്യതയായുള്ള ഡി.സി.എ. കോഴ്സിന്റെ രേഖ ഹാജരാക്കുന്നത് സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പി.എസ്.സി. ക്ക് നൽകിയ നിർദ്ദേശം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) | സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയുടെ യോഗ്യതയായി ഡി.സി.എ. കോഴ്സ് ഉൾപ്പെടുത്തിയപ്പോൾ ഉദ്യോഗാർത്ഥികൾക്ക് ഡി.സി.എ. സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് സാവകാശം അനുവദിക്കാൻ സർക്കാർ പി.എസ്.സി. യോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ കഴിഞ്ഞ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് വിജ്ഞാപനത്തിൽ ഡി.സി.എ. യോഗ്യത ഒഴിവാക്കിയതിനാൽ മേൽ നിർദ്ദേശത്തിന് പ്രസക്തിയില്ലാതായി. |
| (ബി) | യോഗ്യത സർട്ടിഫിക്കറ്റ് ഹാജരാക്കുന്നത് സംബന്ധിച്ച് സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് ഉദ്യോഗാർത്ഥികൾക്ക് നൽകിയ ആനുകൂല്യം എച്ച്.എസ്.എസ്.റ്റി. തസ്തികയിൽ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടതും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ആർ 3/ 17911 നമ്പർ ഫയൽ പ്രകാരം പരിശോധിച്ചിട്ടുള്ളതുമായ ശ്രീ. സി. എച്ച് സന്തോഷ് എന്നയാളുടെ കാര്യത്തിലും ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ? | (ബി) | ഒരു തസ്തികയിലേക്ക് പി.എസ്.സി. വിജ്ഞാപനം ക്ഷണിക്കുമ്പോൾ, അപേക്ഷിക്കേണ്ട അവസാന തീയതിക്കകം ആ തസ്തികക്കു വേണ്ട യോഗ്യതകൾ ആർജ്ജിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഒരു വ്യക്തിക്കു മാത്രമായി ഇളവനുവദിക്കാൻ നിർവാഹമില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ